# സ്കൂൾ കലോത്സവം ;

## സർഗ്ഗാത്മകതയുടെ വിളനിലയങ്ങൾ

*

അനുദിനം വികാസം പ്രാപിക്കുന്ന ശാസ്ത്രസാങ്കേതികതയുടെയും ടെക്നോളജിയുടെയും പ്രഭാവത്താൽ പൂത്തുലഞ്ഞ് നിൽക്കുന്ന ഭാവിലോകത്തെ മാറ്റിമറിക്കാൻ പര്യാപ്തമായ കുസുമങ്ങളാണ് വളർന്നു വരുന്ന ഓരോ ബാല്യങ്ങളും: ഈ കുട്ടികളിൽ ജാതിയുടെയോ മതത്തിന്റെയോ ലിംഗത്തിന്റെയോ വർണ്ണത്തിന്റെയോ പേരിലുള്ള വിധ്വംസകവും വിഷം തീണ്ടുന്നതുമായ ചിന്തകൾ കുത്തിനിറയ്ക്കാതെ ഉള്ളിലെ കഴിവുകളെ വെള്ളവും വളവും കൊടുത്തുകൊണ്ട് പരിപോഷിപ്പിച്ച് മാനവരാശിയ്ക്കുതകുന്ന തരത്തിൽ പരിവർത്തനം ചെയ്തെടുക്കുക എന്നതാണ് സമൂഹത്തിന്റെ ആവശ്യം. വിരൽത്തുമ്പിൽ വിജ്ഞാനം സാധ്യമായ പുതുമയാർജ്ജിച്ച ആധുനികവിദ്യാഭ്യാസം കൊണ്ട് മാത്രം ഭാവിയിലെ സുന്ദര പുരുഷന്മാരെ മിനുക്കിയെടുക്കുക എന്നത് പ്രയാസകരമാണ്: പാഠപുസ്തകങ്ങളിൽ നിന്നുള്ള അച്ചടിച്ച യാഥാർത്ഥ്യങ്ങളിൽനിന്നുമപ്പുറം ഓരോ വിദ്യാർത്ഥിയും ചിന്തിക്കുകയും

സർഗാത്മകത വളർത്തുകയും മൂല്യങ്ങൾ കാത്തുസൂക്ഷിക്കയും സ്വയം അറിയുകയും മറ്റുള്ളവരെ അറിയുകയും ചെയ്യുന്നു. പാഠപുസ്തകത്തിൽനിന്നുള്ള വിരസത മാറ്റിവച്ച് അവൻ ചുറ്റുപാടിനെ അറിയുകയും സമൂഹത്തെ തൊട്ടറിയുകയും കലയെയും സംസ്കാരത്തെയും പാരമ്പര്യത്തെയും നാടൻതനിമയു-മെല്ലാം മുറുകെപ്പിടിക്കുമ്പോൾ മാത്രമാണ് ഒരു വിദ്യാർഥിക്കും വിദ്യ അർഥിച്ചു എന്ന് പറയാനാകൂ.

## കലയുടെ ഉത്സവം

ഒരു വിദ്യാർഥിയുടെ സ്കൂൾ ജീവിതത്തിലെ വിരസതയെയും വിഷാദത്തെയും മാറ്റിവച്ചുകൊ-ണ്ടുള്ള ആസ്വാദനത്തിന്റെയും സ്വയം പരിപോഷിപ്പക്കലിന്റെയും സുന്ദര അനുഭൂതിയാണ് കലോത്സവങ്ങളും കലാമേളകളുമൊ-ക്കെ പകർന്നുതരുന്നത്. പേരുപോലെതന്നെ ഒരു കുട്ടിയുടെ ജീവിതത്തിലെ ഉത്സവമാണ് കലോത്സവം വരച്ചിടുന്നത്. ജാതിമതവർഗവർണ ഭേദമെന്യേ കേരളീയ സമൂഹത്തിലെ നാനാഭാഗങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ ഒത്തൊരുമയോടെയും സമഭാവനയോടെയും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുമ്പോൾ ശരിക്കും കലോത്സവവേദികൾ പാഠങ്ങളുമായി തീരുന്നു: പഴയകാലത്തുനിന്ന് വ്യത്യസ്തമായി

കണ്ണിനും കാതിനും മനസ്സിനും ഇമ്പമേകുന്ന രീതിയിൽ വളർന്നിരിക്കുകയാണ് കലോത്സവവേദികൾ. കഥാരചന മുതൽ കഥകളിവരെ നീണ്ടുനിവർന്ന്കിടക്കുന്ന ഉത്സവം കേരളീയതയുടെ-യും പാരമ്പര്യത്തിന്റെയും ഒരു ഓർമപ്പെടുത്തൽ കൂടിയാണ്. ക്ലാസ്മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി തങ്ങളുടെ കഴിവിനെ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ കലോത്സവ-വേദികൾ ഒരുങ്ങുന്നു. എന്നാൽ പലപ്പോഴും ഒരുഭാഗം കുട്ടികളും ധൈര്യത്തിന്റെ അഭാവവും ഭയവും മൂലം സ്റ്റേജിൽ കയറാൻ മടിച്ച് അവസരങ്ങൾ പാഴാക്കുന്നു എന്നത് ഖേദകരമാണ്. സ്കൂളുകളിൽനിന്നും അധ്യാപകരിൽനിന്നും സുഹൃത്തുക്കളിൽനിന്നും സമൂഹത്തിൽനിന്നുമുള്ള പ്രോത്സാഹനക്കുറവ് തന്നെയാണ് ഇതിനു കാരണം.

## സർഗ്ഗാത്മകതയുടെയും സംസ്കാരത്തിന്റെയും സംഗമവേദി

അനശ്വരമായ ദിവ്യചൈതന്യമാണ് കല. ആരുടെയും പ്രേരണ കൊണ്ടോ വാശി കൊണ്ടോ നേടിട്ട് വരേണ്ട ഒന്നല്ല അത്. മറിച്ച് ഉള്ളിൽനിന്ന് വളർത്തിയെടുക്കേണ്ട ഒരു സംഗതിയാണ്. കേരളീയ സംസ്കാര-ത്തിന്റെയും സാമൂഹ്യാന്തരീക്ഷത്തിന്റെയും ഒരു പ്രതിഫലന-

മാറി കലോത്സവവേദികൾ മാറുന്നു എന്നത് ഈക്കാലത്ത് ആശ്വാസകരമാണ്. ഭാഷയിൽനിന്നും സംസ്കാരത്തിൽനിന്നും എല്ലാം അകന്നുപോകുന്ന പുതുതലമുറയുടെ നൊമ്പരപ്പിക്കുന്ന ചിത്രത്തിനിടയിൽ തളിർത്ത് നിൽക്കുന്ന കലോത്സവപുഷ്പങ്ങൾ ഭാവിസമൂഹത്തിന്റെ ഒരു പ്രതീക്ഷാകിരണം കൂടിയാണ്. ഒരു മത്സരം എന്നതിലുപരി ഉപന്യാസം, കഥ, കവിത, കാർട്ടൂൺ, പ്രസംഗം തുടങ്ങിയ ഇനങ്ങൾ ചിന്തയെയും മനസ്സിനെയും അഗാധതലങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും നമുക്കജ്ഞാതമായ ലോകങ്ങളിലേക്കും അപരിചിതമായ ജീവിത പരിസരങ്ങളിലേക്കും കൈപിടിച്ച് നയിക്കുന്നു. ചിന്തയുടെയും അതുവഴി മനസ്സിന്റെയും വികാസത്തിനും വളർച്ചയ്ക്കും ഇത്തരം മത്സരങ്ങൾ വഴി വെട്ടിത്തെളിക്കുന്നു. തിരുവാതിര, ഒപ്പന, മാർഗ്ഗംകളി, ചവിട്ടുനാടകം, കൂടിയാട്ടം, കഥകളി, ചാക്യാർക്കൂത്ത്, പൂരക്കളി, ദഫ്മുട്ട്, അറബനമുട്ട് തുടങ്ങിയ മത്സരങ്ങൾ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഒരു തിരിച്ചുവരവിനെ കുട്ടികളിലേക്ക് കുത്തിവയ്ക്കുന്നു. മത്സരമെന്നതിലുപരിയായി അതിന്റെ വേഷങ്ങളും പ്രത്യങ്ങളും ഒരുക്കവുമെല്ലാം കുട്ടികളുടെയുള്ളിലെ സർഗാത്മകതയുടെ വസന്തമാണ്. സമ്മാനിക്കുന്നത്. സംസ്കാരത്തിൽനിന്ന് മൺമറഞ്ഞു.

(**Note: This page** will be scanned to publish the article in **schoolwiki**. So, Write neatly. Don't fold paper. Don't write overleaf).

പോയെന്ന് ചാർത്തപ്പെട്ട ഇത്തരം കലാരൂപങ്ങൾ സമൂഹത്തിലേക്ക് തിരികെക്കൊണ്ടുവന്ന് പൈതൃകം കാത്തുസൂക്ഷിക്കുന്നതിൽ കലോത്സവവേദികൾ മുഖ്യ പങ്ക് വഹിക്കുന്നു. അനന്യവും അതുല്യവുമായ സർഗാത്മകത കുട്ടികളുടെ ലോകത്തിന് മുമ്പിൽ കലാവേദികൾ തുറന്നിടുന്നു: അനുദിനം വളർച്ചയെ തേടുന്ന വർത്തമാന ഡിജിറ്റൽ യുഗത്തിൽ ഏതിലും യന്ത്രങ്ങളുമെല്ലാം കഴിവുകളെ വികസിപ്പിക്കുന്നതിൽ വിദ്യാർഥികളെ വളരെയേറെ സഹായിക്കുന്നുണ്ട്. അങ്ങനെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്കുകൂടി കലോത്സവങ്ങളുടെ യശസ്സ് കടന്നുചെല്ലുന്നു. അതേസമയം യക്ഷഗാനം, തമിഴ് കാവ്യാലാപനം, കന്നട പ്രസംഗം, തുടങ്ങിയ മത്സരങ്ങൾ കേരളീയ സംസ്കാരത്തിൽനിന്നുമാറി മറ്റു സംസ്കാരങ്ങളിലേക്കും പൈതൃകങ്ങളിലേക്കും ഭാഷാചാരുതയിലേക്കും കുട്ടികളെ കൈപിടിച്ച് നയിക്കുന്നു. ഉപകരിയാവുന്നത്ര ഭാഷകൾ പഠിക്കുന്നതും സംസ്കാരങ്ങളെയും ചരിത്രത്തെയും അടുത്തറിയുന്നതും ഒരു കുട്ടിയുടെ ബോധമണ്ഡലത്തിന് അത്രയേറെ ഉണർവ് നൽകുന്നു: സമകാലികസമൂഹത്തിൽ ഏറ്റവുമധികം അന്യം നിന്നുപോകുന്ന മാതൃഭാഷയുടെ തനിമയും എഴുത്തുമത്സരങ്ങളിലൂടെയും പ്രസംഗവേദികളിലൂ

ടെയും മുഴങ്ങിക്കേൾക്കുന്നത് കലോത്സവങ്ങളുടെ പ്രശംസ-
നീയമായ വശം തന്നെയാണ്. അതോടൊപ്പം സംഘഗാനം,
സംഘനൃത്തം തുടങ്ങിയ ഗ്രൂപ്പ് ഇനങ്ങൾ വിദ്യാർത്ഥിയായിരിക്കു-
മ്പോൾത്തന്നെ വ്യക്തികളുടെ ജീവിതത്തിലെ ഒരുമയും സമഭാവന-
യും പ്രതിനിധാനം ചെയ്യുന്നു. ലിംഗഭേദമില്ലാതെ കുട്ടികളെ
വളർത്തിക്കൊണ്ടുവരുന്നതിൽ ഇത്തരം ഇനങ്ങളിലൂടെ
കലോത്സവവേദികൾ സാക്ഷ്യം വഹിക്കുന്നു. കുട്ടികളിലെ
നേതൃപാടവവും ഐക്യവും ഏകബന്ധതയും സംഘമത്സരങ്ങൾ
തങ്ങളായി മാറുന്നു. ഐക്യവും ആവേശവും ചിന്താവികാസവും
സഹായമനോഭാവവും ഒത്തൊരുമയും പ്രതീക്ഷയുമെല്ലാം കലോ-
ത്സവവേദികളെ തിളക്കമുള്ളതാക്കുമ്പോൾ വിദ്യാർത്ഥിയുടെ
വ്യക്തിജീവിതത്തിന്റെ വികാസനത്തിലേക്ക് കൂടി ഇത്തരം
ദിവ്യവേദികൾ വിരൽചൂണ്ടുന്നു.

## കലോത്സവവേദികൾ കച്ചവടവേദികളാകുന്നോ ?

എന്നിരുന്നാൽത്തന്നെയും
സുന്ദരമായ കലോത്സവവേദികൾപോലും കച്ചവടവേദികളായി
വർത്തമാനകാലത്ത് മാറിയിരിക്കുന്നു എന്നത് ഭയത്തോടെയും
ഖേദത്തോടെയും മാത്രമേ നോക്കിക്കാണാനാകൂ. ഇന്ന്

നിഷ്കളങ്കരായ വിദ്യാർത്ഥികൾക്കിടയിൽനിന്ന് വ്യത്യസ്തമായി രക്ഷകർത്താക്കളും സ്കൂളുകളും തമ്മിലുള്ള മത്സരത്തിന്റെ വേദിയായി ഇന്ന് കലോത്സവം മാറുന്നു. ഗ്രേഡിനുവേണ്ടി ലക്ഷം പണം വാരിയെറിയുകയും സ്വന്തം കുട്ടിയുടെ ജയം മാത്രം മുന്നിൽക്കണ്ട് മറ്റുള്ള എതിരാളികളെ ഏതുവിധേന-യും തോൽപ്പിക്കുക എന്ന ധ്വംസക ചിന്ത മാതാപിതാ-ക്കളിൽ ഉരുത്തിരിയുമ്പോൾ അവ കുട്ടികൾക്കിടയിലേക്ക് കൂടി വ്യാപിക്കുന്ന ഒരു കാഴ്ച ഇന്ന് കാണാനാകും. ഇങ്ങനെ പോയാൽ സിനിമകളിലെപ്പോലെ വെള്ളത്തിലും മറ്റും മയക്കുമരുന്ന് കുത്തിവച്ച് എതിരാളികളെ അവശരാക്കുക എന്ന ഒരു തരത്തിലേക്ക് കുട്ടികൾ വളരാൻ അധികം സമയം വേണ്ടിവരില്ല. സംഗമത്തിന്റെയും സംശുദ്ധിയുടെയും വേദിയായ കലോത്സവം വാശിയുടെയും പ്രതിഷേധത്തിന്റെയും പ്രതികാര-ത്തിന്റെയും കൂടി വേദിയാകുന്ന ഒരു ഇരുണ്ടപുറം ഭീതിജനകമായി മാറുന്നു. അഴിമതിയും അട്ടിമറികളും കലോത്സവവേദികളെ കളങ്കപ്പെടുത്തുന്നു. കലയുടെയും സർഗ്ഗവാസനയുടെയും ഉത്തുംഗമാണ് ഇത് എന്ന് മറന്ന് പകയുടെ യുദ്ധക്കളമായി കലോത്സവം മാറുന്നോ എന്ന് ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഒപ്പം ആരോഗ്യമാന-

ത്തിനും കലാതിലകത്തിനും ഒക്കെ വേണ്ടിയുള്ള ഒരു പോരാട്ടം കുട്ടികൾക്കിടയിലും പടർന്നുപിടിക്കുന്നു. ഒന്നാംസ്ഥാനവും രണ്ടാംസ്ഥാനവുമെല്ലാം മാറി ഗ്രേഡുകളാക്കി സംസ്ഥാനതലത്തിൽ ചുരുക്കിയതോടെ ഒരു പരിധി വരെ പോരാട്ടം അവസാനിച്ചു എന്ന് പറയാം. എന്നിരുന്നാലും സ്ഥാനങ്ങൾക്കോ പ്രശംസയ്ക്കോ അപ്പുറം കലാമത്സരങ്ങൾ സമ്മാനിക്കുന്ന അനുഭൂതിയെ മുറുകെപ്പിടിക്കാൻ വിദ്യാർഥികൾ ശ്രമിക്കേണ്ട സമയം അതിക്രമിച്ചു. കലോത്സവവേദികൾ കച്ചവടത്തിന്റെയോ കണ്ണീരിന്റെയോ അല്ല. മറിച്ച് വ്യക്തിത്വവികസനത്തിന്റെയും കഴിവുകളുടെയും സമഭാവനയുടെയും വേദികളാണ്.

## കലാചാരുതയുടെ വെൺമ

കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽത്തന്നെ കാല് പൊട്ടി ചോര വന്നിട്ടും തളരാതെ ഒപ്പന മത്സരം പൂർത്തീകരിച്ച ഒരു പെൺകുട്ടിയും ടീമും കേരളീയഹൃദയം കവർന്നതാണ്. അത്തരത്തിൽ സമഭാവനയുടെ സംശുദ്ധവും വെൺമയാർന്നതുമായ ഇടങ്ങളായി കലോത്സവവേദികൾ മാറണം. അതുപോലെതന്നെ നിലവിലെപ്പോലെ സംസ്ഥാനതലത്തിൽ ഗ്രേഡുകൾ മാത്രം

ചുരുങ്ങുന്നത് എന്തുകൊണ്ടും അനിവാര്യമാണ്. പണക്കൊഴു-
പ്പ് കൊണ്ട് വിധികർത്താക്കളെ സ്വാധീനിച്ചോ ഭീഷണം
കാണിച്ചോ നേടേണ്ടതല്ല വിജയം. മറിച്ച് അത്
കലയുടെ പരിപൂർണമായ അവതരണത്തിലൂടെ നേടിയെടു-
ക്കേണ്ടതാണ്. വിജയപരാജയങ്ങൾ മത്സരത്തിൽ അനിവാര്യമാണ്.
അതിനെ വ്യക്തിവൈരാഗ്യത്തിന്റെയോ പകയുടെയോ ബാക്കി-
പത്രമായി കരുതാതിരിക്കുക. തികച്ചും നിഷ്പക്ഷവും
അഴിമതിരഹിതവുമായ വിദ്യാർഥികളുടെ ഒരു കലാമാമാങ്കമാണ്
നമുക്കാവശ്യം. സ്കൂളുകൾ തമ്മിലുള്ള മത്സരം എന്നതിനപ്പുറം
വിദ്യാലയങ്ങളിലെ ഓരോ മക്കളുടെയും കഴിവിനെ വികസിപ്പിച്ച്
അവരെ ഭാവിസമൂഹത്തിൽ ഉത്തമപൗരന്മാരാക്കി മാറ്റുക എന്ന
ഒരു ലക്ഷ്യം മുതിർന്നവരും അധ്യാപകരും കൈമുതലാക്കണം.

## അജയ്യമായ കല

കഴിവ് കണ്ടാൽ തഴയുക
എന്നത് അന്നുമിന്നും മാറ്റമില്ലാതെ തുടരുന്ന സാമൂഹിക
സ്ഥിതിയാണ്. ദരിദ്രനെന്നോ ധനികനെന്നോ വ്യത്യാസമില്ലാതെ
തനിക്കുള്ളത് മറ്റുള്ളവനുകൂടി പങ്കുവച്ച് മാതൃകയാകേണ്ടത്
ഓരോ വിദ്യാർഥികളുടെയും ചുമതലയാണ്. ഇക്കഴിഞ്ഞ ശാസ്ത്ര

മേളയിൽത്തന്നെ മത്സരം കഴിഞ്ഞിട്ടും തടിയിലെ കൊത്തുപണി പൂർത്തീകരിക്കാനാവാതെ തളർന്ന കുട്ടിക്ക് സഹമത്സരാർഥികൾ ഒത്തൊരുമയോടെ സഹായിച്ചു. ഹൃദയഭേദകമായ ദൃശ്യം കലയുടെ ചാരുതയിൽനിന്ന് പുറത്തുവരുന്നതാണ്. ഒരു കഴിവും ഇല്ലാത്തവരായി ആരും തന്നെ കാണില്ല. അതിനാൽത്തന്നെ നമ്മുടെ സർഗ്ഗാത്മകതകളെ പൂർണ്ണമായും പ്രദർശിപ്പിക്കാൻ ഓരോരുത്തരും തയാറാവണം. കല അനശ്വരമാണ്. സർഗ്ഗാത്മകത അമൂല്യമാണ്. അതിനാൽത്തന്നെ കലോത്സവവേദികളെ നമ്മുടെയും വിദ്യാർഥി പ്രതിഭകളുടെയും വിളനിലങ്ങളായി പരിവർത്തിപ്പിച്ചുകൊണ്ട് കലയെയും പാരമ്പര്യത്തെയും സംസ്കാരത്തെയും അത്യപൂർവ്വാധികം കീർത്തിയോടെ വിരിയിപ്പിക്കാനും ഭാവിയുടെ പൊൻതാരകങ്ങളിൽ കലാ വാത്സല്യ ദൗർലഭ്യം നികത്തിക്കൊണ്ട് സമൂഹത്തെ സുന്ദരവും സമ്പൂർണ്ണവുമാക്കാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ നീളുന്ന ഈ ഉത്സവം മനസ്സിന്റെ വൈകല്യത വെടിഞ്ഞ് ഇനിയും കൂടുതൽ ഇനങ്ങളെ ഉൾപ്പെടുത്തി സർഗ്ഗവേദികളാക്കി ~~മാറ്റുന്നതിൽ~~ നമ്മെ മാറ്റി അതുല്യമായ വേദികളുണ്ടാവട്ടെയെന്ന് ആശംസിക്കുന്നു.